"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) - ജീവനക്കാര്യം - ശ്രീ.വിഷ്ണു എസ്.എസ്-ന്റെ (ക്ലാർക്ക്, ലാൻഡ് റവന്യൂ വകുപ്പ്, തൃശ്ശൂർ ജില്ലാ ഭരണകൂടം) ട്രിഡയിലെ എൽ.ഡി.സി. തസ്തികയിലെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1824/2022/LSGD തീയതി,തിരുവനന്തപുരം, 29-07-2022

---

പരാമർശം:-
1. 10/05/2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ
2. 28/11/2013 തീയതിയിലെ സ.ഉ.(അച്ചടി) നം.580/2013/ധന നമ്പർ ഉത്തരവ്.
3. 12/07/2021 തീയതിയിലെ സ.ഉ.(സാധാ) നം.1312/2021/തസ്വഭവ നമ്പർ ഉത്തരവ്.
4. ട്രിഡ സെക്രട്ടറിയുടെ 12/07/2022 തീയതിയിലെ എ1/1252/2018/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ ഭരണകൂടത്തിൻ കീഴിൽ ലാൻഡ് റവന്യൂ വകുപ്പിലെ ക്ലാർക്കായ ശ്രീ.വിഷ്ണു എസ്.എസ്-നെ പരാമർശം(3)-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റിയിൽ എൽ.ഡി.സി തസ്തികയിൽ 29/07/2021 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാന്റെ അന്യത്രസേവന കാലാവധി 28/07/2022-ന് അവസാനിച്ചതിനാൽ 29/07/2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വിഷ്ണു.എസ്.എസ്-ന്റെ തിരുവനന്തപുരം വികസന അതോറിറ്റിയിലെ എൽ.ഡി.സി തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവീസ് റൂൾസ് ഭാഗം-I ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 29/07/2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

സ.ഉ.(സാധാ) നം.1824/2022/LSGD

പകർപ്പ്

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി

ശ്രീ. വിഷ്ണു എസ്.എസ്, ക്ലാർക്ക്, ലാൻഡ് റവന്യൂ വകുപ്പ്, തൃശ്ശൂർ കളക്ടേറ്റ് (ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം)

കമ്മീഷണർ, ലാൻഡ് റവന്യൂ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ ജി&ഇസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/106/2022-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 29-07-2022 17:21:56**
സെക്ഷൻ ഓഫീസർ